**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല -തലശ്ശേരി നഗരസഭ - തലശ്ശേരി വില്ലേജ് വാസഗൃഹ നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തലശ്ശേരി നഗരസഭ സെക്രട്ടറിയുടെ 02/03/2021 ലെ ഇ 3/ബിഎ/675/18-19 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 28/04/2021- ലെ TCPKNR/440/2021-സി നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

**ഉത്തരവ്. നം. TCPCTP/1214/2021-D3** തീയതി: **29/07/2021**

---

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭ പരിധിയിലുള്ള തലശ്ശേരി വില്ലേജിൽ വാർഡ് 2- റീ സർവ്വേ നമ്പർ 78/10 എന്നിവയിൽപ്പെട്ട 7 സെന്റ് സ്ഥലത്ത് നിലവിലുള്ള വാസഗൃഹം പൂർണ്ണമായും പൊളിച്ചുമാറ്റി 108.98 sqm വിസ്തീർണ്ണമുള്ള പുതിയ വാസഗൃഹം നിർമ്മിക്കുന്നതിനുള്ള (നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ വർക്ക് പൂർത്തീകരിച്ചിട്ടുള്ള ) കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. പ്രസൂൺ.ഇ, "പ്രഭാത്", കാവുംപുറം.പി.ഒ, തലശ്ശേരി, കണ്ണൂർ-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി ഡെവലപ്മെൻറ് പ്ലാൻ ഫോർ തലശ്ശേരി ടൗൺ - പാർട്ട് വേരിയേഷൻ 2007 പ്രകാരമുള്ള കൺകറൻസിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ NOC/ അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ

മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. ചട്ടം (92) പ്രകാരം അനധികൃത നിർമ്മാണം കോമ്പൗണ്ടിങ്ങ് ഫീ വാങ്ങി ക്രമവത്ക്കരിക്കേണ്ടതാണ്.

ടി ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/ വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണത്തിന് ഒക്യുപൻസി നൽകുവാൻ പാടുള്ളൂ.

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

Signature valid
Digitally signed by RAJEEVAN PITTAN
Date: 2021.0?.?9 12:09:47 IST
Reason: Approved

**രാജീവൻ പിട്ടൻ**
**ടൗൺ പ്ലാനർ**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, തലശ്ശേരി നഗരസഭ

പകർപ്പ്:-

1. ശ്രീ. പ്രസൂൺ.ഇ, പ്രഭാത്, കാവുംപുറം,.പി.ഒ, തലശ്ശേരി, കണ്ണൂർ
2. ടൗൺപ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം